ഉത്തരം

(എ) സർക്കാർ വകുപ്പുകളിലെ വിവിധ തസ്തികകൾക്ക് ഉദ്യോഗാർത്ഥികൾക്കുവേണ്ട യോഗ്യത അതാത് സ്പെഷ്യൽ റൂളുകളിൽ നിഷ്കർഷിച്ചിരിക്കും പ്രകാരമാണ്

(ബി) പി. എസ്. സി.-യുടെ ഉപദേശം കൂടി വാങ്ങിയതിനുശേഷമാണ് സ്പെഷ്യൽ റൂളുകളിൽ തസ്തികകൾക്കുള്ള യോഗ്യതകൾ നിശ്ചയിക്കുന്നത്. ഇതിൽ ഏകപക്ഷീയമായി മാറ്റം വരുത്തുന്നതിന് പി. എസ്. സി.-ക്ക് അധികാരമില്ല.

(സി) 6-11-2002-ലെ സർക്കാർ ഉത്തരവ് ജി. ഒ. (പി) നം. 354/2002/പൊതു വിദ്യാഭ്യാസ വകുപ്പ് പ്രകാരം കറസ്പോണ്ടൻസ് കോഴ്സ് മുഖേന നേടിയ ബിരുദങ്ങൾ അദ്ധ്യാപക നിയമനത്തിന്റെ യോഗ്യതയായി പരിഗണിക്കുകയില്ല എന്ന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 13-12-2002-ലെ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (പി) നമ്പർ 406/2002/പൊതു വിദ്യാഭ്യാസ വകുപ്പ് പ്രകാരം പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുകയുണ്ടായി. ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ഡി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

ദുർമരണത്തിനു വിധേയരായ എസ്റ്റേറ്റ് തൊഴിലാളികൾ

5 [3374] ശ്രീ. സ്റ്റീഫൻ ജോർജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. തോമസ് ഉണ്ണിയാടൻ:

,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 5 വർഷക്കാലത്ത് ഏതെല്ലാം ടീ എസ്റ്റേറ്റുകളിലെ തൊഴിലാളികൾ ദുർമരണത്തിനു വിധേയരായിട്ടുണ്ടെന്നും അവർ ആരെല്ലാം ആയിരുന്നുവെന്നും മരണ കാരണം എന്തായിരുന്നുവെന്നും വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ അവകാശികൾക്കും ആശ്രിതർക്കും എന്തു തുകവീതം ഏതെല്ലാം ഇനത്തിൽ നൽകിയിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) കൃത്യമായ വിവരം ശേഖരിച്ച് ഉടൻ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly